(ജി) നിലവിൽ സൂപ്പർ ന്യൂമററി തസ്തികകളിൽ നിൽക്കുന്ന അദ്ധ്യാപകരെ അബ്സോർബ് ചെയ്ത് കഴിഞ്ഞ് ഇക്കൊല്ലം തസ്തിക നഷ്ടപ്പെട്ട് സർക്കാർ സ്കൂളുകളിൽ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിലനിർത്തിയതിനുശേഷവും ബാക്കി വരുന്ന തസ്തികകളിൽ നിലവിലുള്ള റാങ്ക്ലിസ്റ്റിൽ നിന്നും നിയമനം നടത്താവുന്നതാണ്.

ഇൻസ്പെക്ടറേഴ്സ് ഓഫ് സാൻസ്ക്രിറ്റ് എഡ്യൂക്കേഷൻ

428 [775] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറബി ഭാഷാദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ ജില്ലാതലത്തിൽ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുള്ളതുപോലെ സംസ്കൃത ഭാഷാദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സംസ്കൃതത്തിൽ മാസ്റ്റർ ബിരുദവും ബി.എഡു. മുള്ള സംസ്കൃതാദ്ധ്യാപകരെ പ്രമോട്ടുചെയ്ത് വിദ്യാഭ്യാസ ജില്ലകളിൽ ''ഇൻസ്പെക്ടർ ഓഫ് സാൻസ്ക്രിറ്റ് എഡ്യൂക്കേഷൻ'' മാരായി നിയമിക്കണമെന്നുള്ള നിർദ്ദേശം ഏതെങ്കിലും സംസ്കൃത സംഘടനകൾ ഗവൺമെന്റിനു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിർദ്ദേശം നടപ്പിലാക്കുമോ?

ഉത്തരം

(എ) കേരള സംസ്കൃത അക്കാദമി, സംസ്കൃത സേവാസമിതി മുതലായ സംഘടനകളിൽനിന്നും 1980–81–ൽ ലഭിച്ച നിവേദനങ്ങളിൽ സംസ്കൃത ഭാഷാദ്ധ്യാപനത്തിനു പ്രത്യേകമായി ജില്ലാതലത്തിൽ ഇൻസ്പെക്ടർമാരെ നിയമിക്കണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നുണ്ട്.

സ്കൂളുകളിൽ സംഗീതാദ്ധ്യാപകരുടെ നിയമനം

429 [776] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ സംഗീതാദ്ധ്യാപകരുടെ നിയമനം നടത്തേണ്ടതില്ലെന്നു ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ ഏതെങ്കിലും പോസ്റ്റിൽ കെപ്റ്റ് ഇൻ അബയൻസ് (kept in abayance) എന്ന കാരണത്താൽ നിയമനം നടത്താതിരുന്നിട്ടുണ്ടോ; എങ്കിൽ എത്ര പോസ്റ്റുകളിൽ;

(സി) ഈ പോസ്റ്റുകൾ ഇപ്രകാരം കെപ്റ്റ് ഇൻ അബയൻസ് (kept in abayance) ആക്കുവാനുള്ള കാരണമെന്ത്;

(ഡി) ഈ പോസ്റ്റുകളിലേക്ക് ഉടനടി നിയമനം നടത്തുവാൻ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നവർക്കുള്ള പി.എസ്.സി. യുടെ റാങ്കു ലിസ്റ്റ് 15–9–1984–ൽ പ്രസിദ്ധീകരിച്ചു. എന്നാൽ നിയമനത്തിനായി പ്രസ്തുത ലിസ്റ്റിൽനിന്നും ഇതുവരെ ആരെയും പി.എസ്.സി. ശുപാർശചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ചു പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. പി.എസ്.സി.യുടെ ശുപാർശ കിട്ടിയാലുടനെ ഒഴിവുകളുടെ ലഭ്യതയ്ക്കനുസരിച്ച് ടി റാങ്കു ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളുടെ നിയമനം നടത്തുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ സംഗീതാദ്ധ്യാപകരുടെ വേക്കൻസികൾ

430 [777] ശ്രീ. കാനം രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റവന്യൂ ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ എത്ര വേക്കൻസികൾ നിലവിലുണ്ട്;

(ബി) പ്രസ്തുത ജില്ലയിൽ സംഗീതാദ്ധ്യാപകരുടെ ഏതെങ്കിലും പോസ്റ്റിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിക്കപ്പെട്ടവർ ഇപ്പോഴും ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പോസ്റ്റുകളിൽ;

(സി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിലവിലിരിക്കെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിച്ചവരെ തുടരുവാൻ അനുവദിച്ചതിനു കാരണമെന്ത്;

(ഡി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴി നിയമിച്ചവർക്കു പകരമായി പി.എസ്.സി. തിരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18

(ബി) ഉണ്ട്. 18 പോസ്റ്റുകളിൽ.

(സി) സംഗീതാദ്ധ്യാപകരായി നിയമിക്കപ്പെടുന്നതിനുള്ള ലിസ്റ്റിൽനിന്നും പി.എസ്.സി. ഇതുവരെ ആരെയും നിയമനത്തിനായി ശുപാർശ ചെയ്തിട്ടില്ല. ചില ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസ യോഗ്യതകളുടെ സ്വീകാര്യതയെക്കുറിച്ച് പി.എസ്.സി. ഗവൺമെൻറുമായി എഴുത്തുകുത്തുകൾ നടത്തിവരുന്നു. അതിനാൽ താൽക്കാലിക നിയമനം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly